I/54114/2022

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: ശ്രീമതി.എം.അഞ്ജന ഐഎഎസ്)

ഉത്തരവ് നം.SJD/2888/2022/G4

തിരുവനന്തപുരം,
തീയതി. 01-08-2022

---

വിഷയം: സാമൂഹ്യ നീതി വകുപ്പ് – മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 - **2022-23 വർഷത്തെ** പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) 02/06/2022 തീയതിയിലെ സ.ഉ(സാധാ) 150/2022/SJD സർക്കാർ ഉത്തരവ്
2) 2022-23 വർഷത്തെ MWPSC പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള ആക്ഷൻ പ്ലാൻ.

മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ പദ്ധതിയുടെ 2022-23 വർഷത്തെ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി പരമാർശം(1) പ്രകാരം ലഭ്യമായിട്ടുണ്ട്. M W P S C ആക്ടുമായി ബന്ധപ്പെട്ടുള്ള അദാലത്ത് സംഘടിപ്പിക്കുൽ, കൺസീലിയേഷൻ ഓഫീസർമാർക്ക് പ്രാദേശിക തലത്തിൽ പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, ടെക്നിക്കൽ അസ്സിസ്റ്റന്റ്മാർക്ക് ആവശ്യമായ സ്റ്റേഷനറി തുടങ്ങിയ ആവശ്യങ്ങൾക്കുള്ള തുക 2022-23 വർഷത്തെ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ചുള്ള വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാസാമൂഹ്യ നീതി ഓഫീസർമാർക്ക് നല്കിയിട്ടുണ്ട്. ആയത് പ്രകാരമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ഓരോ ജില്ലയ്ക്കും ഫണ്ട് അനുവദിച്ച നൽകേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ, 2022-23 വർഷത്തെ MWPSC പദ്ധതി ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് 14 ജില്ലകൾക്കുമായി ചുവടെയുള്ള പട്ടികയിൽ പറയും പ്രകാരം ആകെ **1385000/-**രൂപ (പതിമൂന്ന ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

| Sl No | District | Fund for adalath | Fund for awareness | Fund for Training | Stationery & Basic amenities | Total fund |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 50000 | 40000 | | 10000 | 100000/- |
| 2 | കൊല്ലം | 30000 | 40000 | 100000 | 10000 | 180000/- |
| 3 | പത്തനംതിട്ട | 20000 | 40000 | | 10000 | 70000/- |
| 4 | ആലപ്പുഴ | 60000 | 40000 | | 10000 | 110000/- |
| 5 | കോട്ടയം | 20000 | 40000 | 100000 | 10000 | 170000/- |
| 6 | ഇടുക്കി | 10000 | 40000 | | 10000 | 60000/- |
| 7 | എറണാകുളം | 40000 | 40000 | | 10000 | 90000/- |
| 8 | തൃശ്ശൂർ | 20000 | 40000 | 100000 | 10000 | 170000/- |
| 9 | പാലക്കാട് | 10000 | 40000 | | 10000 | 60000/- |

I/54114/2022

I/54114/2022

| | | | | | | |
|---|---|---|---|---|---|---|
| 10 | മലപ്പുറം | 20000 | 40000 | | 10000 | 70000/- |
| 11 | കോഴിക്കോട് | 10000 | 40000 | 100000 | 10000 | 160000/- |
| 12 | വയനാട് | 10000 | 20000 | | 5000 | 35000/- |
| 13 | കണ്ണൂർ | 10000 | 40000 | | 10000 | 60000/- |
| 14 | കാസർഗോഡ് | | 40000 | | 10000 | 50000/- |
| ആകെ | | 310000 | 540000 | 400000 | 135000 | 1385000/- |

ഈ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-104-82 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. പദ്ധതി പ്രവർത്തനങ്ങൾ പരാമർശം 2 പ്രകാരം നടത്തേണ്ടതും 2022 നവംബർ മാസത്തിനകം പൂർത്തിയാക്കി എല്ലാ ജില്ലാസാമൂഹ്യനീതി ഓഫീസർമാരും ഇത് സംബന്ധിച്ച റിപ്പോർട്ട്, ധന വിനിയോഗ സർട്ടിഫിക്കറ്റ്, ഡോക്യുമെന്റേഷൻ എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും.

പകർപ്പ് :

1. സൂപ്രണ്ട് എ/ബി സെക്ഷൻ
2. സൂപ്രണ്ട്, പ്ലാനിംഗ് സെൽ
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

I/54151/2022

**<u>മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച ആക്ഷൻ പ്ലാൻ 2022-23</u>**

മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 27 റവന്യൂ ഡിവിഷണൽ കാര്യാലയങ്ങളിൽ മെയിന്റനൻസ് ട്രൈബ്യൂണലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മാതാപിതാക്കളുടെയും, മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും, ക്ഷേമവും സംബന്ധിച്ച നിയമം 2007ന്റെ നടത്തിപ്പിന് **ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചതു മുഖേന ട്രൈബ്യൂണലുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിലും, അവ വേഗത്തിൽ അന്വേഷണ വിചാരണ നടപടികൾ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിലും നിർണ്ണായകമായ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്.** ടി പദ്ധതി 2022-23 വർഷത്തിലും ഒരു തുടർ പദ്ധതിയായി നടപ്പിലാക്കുന്നതിനുള്ള അനുമതിയും പദ്ധതിയുടെ 2022-23 വർഷത്തെ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്. വയോജന സംരക്ഷണ നിയമം സംബന്ധിച്ച അറിവ് കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് നിരവധി **ബോധവത്കരണ** പരിപാടികൾ, അദാലത്തുകൾ എന്നിവ ഇനിയും നടത്തേണ്ടതിന്റെ ആവശ്യകതയുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 **ഫലപ്രദമായി** നടത്തുന്നതിനു 2022-23 സമ്പത്തിക വർഷം താഴെ **പറയുന്ന തരത്തിൽ ജില്ലാ തലത്തിൽ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.**

**<u>അദാലത്തുകൾ</u>**

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 പ്രകാരം സംസ്ഥാനത്തെ വിവിധ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പരാതികളിൽ അടിയന്തിര തീർപ്പ് കൽപ്പിക്കുന്നതിന് അദാലത്തുകൾ നടത്തേണ്ടതുണ്ട്. കേസുകൾ കൂടുതൽ തീർപ്പക്കേണ്ട ജില്ലകളിൽ അദാലത്തുകൾ നടത്തി കേസുകൾ തീർപ്പ് കൽപ്പിക്കേണ്ടത് വളരെ അനിവാര്യവുമാണ്. 31.03.2022 വരെയുള്ള കണക്കുകൾ പരിശോധിച്ചതിൽ നിന്നും തീർപ്പാക്കാനുള്ള കേസുകളുടെ അടിസ്ഥാനത്തിൽ അദാലത്ത് നടത്തുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട മെയിന്റനൻസ് ട്രൈബ്യൂണലുകൾക്ക് ഒരു അദാലത്തിന് 10,000/- രൂപാ നിരക്കിൽ തുക വകയിരുത്താവുന്നതാണ്.

| ക്രമ. നം | മെയിന്റനൻസ് ട്രൈബ്യൂണലിന്റെ പേര് | നടത്താവുന്ന അദാലത്തുകളുടെ | അനുവദിക്കാവുന്ന തുക |
|---|---|---|---|

I/54151/2022

| | | എണ്ണം | |
|---|---|---|---|
| 1 | തിരുവനന്തപുരം | 3 | 30000/- |
| 2 | നെടുമങ്ങാട് | 2 | 20000/- |
| 3 | കൊല്ലം | 2 | 20000/- |
| 4 | പുനലൂർ | 1 | 10000/- |
| 5 | അടൂർ | 2 | 20000/- |
| 6 | ആലപ്പുഴ | 3 | 30000/- |
| 7 | ചെങ്ങന്നൂർ | 3 | 30000/- |
| 8 | കോട്ടയം | 2 | 20000/- |
| 9 | ദേവികുളം | 1 | 10000/- |
| 10 | ഫോർട്ട് കൊച്ചി | 4 | 40000/- |
| 11 | ഇരിങ്ങാലക്കുട | 1 | 10000/- |
| 12 | തൃശ്ശൂർ | 1 | 10000/- |
| 13 | പാലക്കാട് | 1 | 10000/- |
| 14 | തിരൂർ | 1 | 10000/- |
| 15 | പെരിന്തൽമണ്ണ | 1 | 10000/- |
| 16 | കോഴിക്കോട് | 1 | 10000/- |
| 17 | മാനന്തവാടി | 1 | 10000/- |
| 18 | തളിപ്പറമ്പ് | 1 | 10000/- |
| ആകെ | 18 മെയിന്റനൻസ് ട്രൈബ്യൂണലുകൾ | 31 | 3,10,000/- |

അദാലത്തുകൾക്കായി നടപ്പ് വർഷം 3,10,000/- (മൂന്ന് ലക്ഷത്തി പതിനായിരം രൂപ) അനുവദിക്കാവുന്നതാണ്.

**കൺസീലിയേഷൻ ഓഫീസർമാർക്കുള്ള പരിശീലന പരിപാടി**

2009 ൽ സംസ്ഥാനം രൂപീകരിച്ച ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഓരോ ട്രൈബ്യൂണലും കൺസീലിയേഷൻ ഓഫീസർമാരുടെ പാനൽ രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുകയും, അതോടൊപ്പം അവരുടെ യോഗ്യത നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ട്രൈബ്യൂണലുകളിലും കൺസീലിയേഷൻ ഓഫീസർമാരുടെ പാനൽ ഇതിനകം രൂപീകരിച്ചിട്ടുമുണ്ട്. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും കൺസീലിയേഷൻ ഓഫീസർമാരുടെ പങ്ക് വളരെ വലുതാണ്. ആയതിനാൽ നടപ്പ് വർഷം കൺസീലിയേഷൻ ഓഫീസർമാർക്ക് റീജണൽ തലത്തിൽ ചുവടെ പറയുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി പരിശീലന പരിപാടി സംഘടിപ്പിക്കാവുന്നതാണ്.

1. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം **2007ഉം ചട്ടങ്ങളും , അനുബന്ധ നിയമങ്ങളും അവയുടെ നടപടിക്രമങ്ങളും**
2. കൺസീലിയേഷൻ നടപടിക്രമങ്ങൾ (Conciliation Procedures)
3. വയോജന മേഖലയിലെ പദ്ധതികൾ (including reverse mortgage )